I ഇ.ബി. XIV - കേരള നിയമസഭ/XV-11

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 19, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

പാറയിൽ സാജന്റെ ആത്മഹത്യ

മി. സ്പീക്കർ: കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട ബക്കളത്ത് പാറയിൽ സാജൻ നിർമ്മിച്ച കൺവെൻഷൻ സെന്ററിനും കല്യാണമണ്ഡപത്തിനും കെട്ടിടനമ്പരും മറ്റ് രേഖകളും നിഷേധിച്ചതിനെത്തുടർന്ന് പാറയിൽ സാജൻ 18-06-2019-ന് ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സഭാനടപടികൾ നിർത്തിവച്ച്

ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട ബക്കളത്ത്, പാറയിൽ സാജൻ ആത്മഹത്യ ചെയ്ത ദൗർഭാഗ്യകരമായ സംഭവം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അന്വേഷണത്തിൽ പ്രസ്തുത ഓഡിറ്റോറിയത്തിന്റെ നിർമ്മാണാനുമതിക്കായി 10-10-2013-ന് പാലോളി പുരുഷോത്തമൻ സമർപ്പിച്ച അപേക്ഷയിൽ നഗരസഭ അനുമതിയും പെർമിറ്റും അനുവദിച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. മരണപ്പെട്ട സാജൻ അപേക്ഷകന്റെ മകളുടെ ഭർത്താവാണ്. 12-04-2019-ന് പൂർത്തിയാക്കിയ നിർമ്മാണത്തിൽ ചട്ടലംഘനമുണ്ടെന്ന നഗരസഭയുടെ നോട്ടീസിനെത്തുടർന്ന് അപാകതകൾ പരിഹരിച്ച് ഒക്യുപെൻസി സർട്ടിഫിക്കറ്റിനായി 28-05-2019-ന് സെക്രട്ടറി മുമ്പാകെ ഫയൽ അംഗീകാരത്തിനായി എത്തുകയും പരിശോധനയിൽ അപാകതകൾ ചൂണ്ടിക്കാണിക്കപ്പെടുകയും അവ പരിഹരിക്കാമെന്ന് സാജൻ രേഖാമൂലം ഉറപ്പ് നൽകുകയും ചെയ്തിരുന്നു. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിലെ വീഴ്ച സംബന്ധിച്ചും കെട്ടിടനിർമ്മാണ ചട്ടലംഘനം സംബന്ധിച്ചും

നഗരകാര്യ റീജിയണൽ ഡയറക്ടറുടെയും സി.ടി.പി. വിജിലൻസിന്റെയും നേതൃത്വത്തിലുള്ള അന്വേഷണറിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സാജന്റെ സഹോദരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വളപട്ടണം പോലീസ് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇത്തരം കേസുകളിൽ അനാവശ്യ കാലതാമസമൊഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: 16 കോടി രൂപ ചെലവഴിച്ച് ബക്കളത്ത് നിർമ്മിച്ച പാർഥാ ബിൽഡേഴ്സ് എന്ന കൺവെൻഷൻ സെന്റർ, ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ച പ്ലാൻപ്രകാരം പണിപൂർത്തിയാക്കിയ അവസരത്തിലാണ് നിർമ്മാണ ചട്ടലംഘനം ചൂണ്ടിക്കാണിച്ചുകൊണ്ട് കൺവെൻഷൻ സെന്ററിന്റെ കുറെ ഭാഗങ്ങൾ പൊളിച്ചുമാറ്റണമെന്ന് മുനിസിപ്പൽ അധികാരികൾ നിർദ്ദേശിച്ചത്. ജില്ലാ ടൗൺ പ്ലാനർ ഉൾപ്പെടുന്ന സംഘം സ്ഥലം സന്ദർശിക്കുകയും നിർമ്മാണത്തിൽ അപാകതയില്ലെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്ത് പ്രവാസികളുടെ നിക്ഷേപം ആകർഷിക്കാൻ ലോക കേരളസഭ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോഴും പ്രവാസികളെ ദ്രോഹിക്കുന്ന ഇത്തരം നടപടികൾ പ്രതിഷേധാർഹമാണ്. ഇതിനുത്തരവാദികളായവരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ഈ വിഷയത്തിൽ ആന്തൂർ നഗരസഭ രാഷ്ട്രീയവിവേചനം കാണിച്ചിട്ടില്ലെന്നുള്ളതിന് തെളിവാണ് സാജന്റെ കമ്പനിയുടെ ഭാഗമായി നിർമ്മിച്ച 10 വില്ലകൾക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയത്. അംഗീകൃത പ്ലാനിന് വിരുദ്ധമായ നിർമ്മാണമുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സാജനെക്കൂടി ഉൾപ്പെടുത്തിയാണ് ജില്ലാ ടൗൺ പ്ലാനറും മുനിസിപ്പൽ ഉദ്യോഗസ്ഥരും സംയുക്തപരിശോധന നടത്തിയത്. സാജന്റെ മരണവുമായി ബന്ധപ്പെട്ട് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടോയെന്ന് കണ്ടെത്തുന്നതിനായി അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാറയിൽ സാജന്റെ ആത്മഹത്യ സംബന്ധിച്ച് ഗൗരവമായ അന്വേഷണം നടത്തി ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ

എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി

ശ്രീ. എ. എൻ. ഷംസീർ: സംസ്ഥാനത്ത് ലഹരിമരുന്നുവ്യാപനം വലിയ സാമൂഹ്യവിപത്തായി മാറിയിരിക്കുകയാണ്. മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയും മയക്കുമരുന്ന് കടത്തുസംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം. ലഹരിവ്യാപനം തടയുന്നതിനാവശ്യമായ നിയമനടപടികളുൾപ്പെടെ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്നതിനായി പോലീസിന്റെയും കേന്ദ്ര ഏജൻസികളുടെയും സഹകരണത്തോടെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. പരിശോധനകൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും പരിസരങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിനും ചെക്ക് പോസ്റ്റുകളിലും പ്രധാന

പാതകളിലും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും കേസന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മയക്കുമരുന്ന് വ്യാപാരത്തിലൂടെ സമ്പാദിച്ച വസ്തുവകകൾ കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ സഹകരിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതാണ്. നിലവിലുള്ള കേന്ദ്ര നിയമത്തിൽ പഴുതുകളുള്ളതിനാൽ കർശന വ്യവസ്ഥകളോടെ നിയമം ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലുള്ള ലഹരി വിൽപ്പനയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളം ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതുമാണ്.

## (2) അഴീക്കൽ തുറമുഖ വികസനം

ശ്രീ. കെ. എം. ഷാജി: അഴീക്കൽ തുറമുഖ വികസനത്തിന് കമ്പനി രൂപീകരിച്ച് കിഫ്ബി മുഖേന ഫണ്ടനുവദിച്ചെങ്കിലും തുടർനടപടികളിൽ കാലതാമസമുണ്ടായിരിക്കുകയാണ്. ബാർജ് പോലുള്ള സംവിധാനങ്ങൾ ചരക്ക് വാഹനഗതാഗതത്തിനായി ഉപയോഗിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകണം. കാർഗോ സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും അഴീക്കൽ തുറമുഖ വികസനം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

(<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ നീക്കം നടത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും കപ്പൽ ചാലിന്റെ ആഴംകൂട്ടി നിലച്ചുപോയ കപ്പൽ ഗതാഗതം പുനരാരംഭിക്കുകയും വിദേശരാജ്യങ്ങളിൽനിന്ന് കപ്പൽ വരുന്നതിനുള്ള കസ്റ്റംസ് ക്ലിയറൻസ് ലഭ്യമാക്കുകയും ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി മുഖ്യമന്ത്രി ചെയർമാനായ പ്രത്യേക കമ്പനി രൂപീകരിച്ച് പൂർണ്ണചുമതലയുള്ള മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. തുറമുഖവികസന പദ്ധതിക്കുള്ള അന്തിമ സാങ്കേതിക-സാമ്പത്തിക-സാദ്ധ്യതാ പഠനറിപ്പോർട്ട് സർക്കാർ അംഗീകരിച്ചാൽ പാരിസ്ഥിതികാഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതും ആഗോള ടെണ്ടർ ക്ഷണിക്കുന്നതുമാണ്.

## III സബ്മിഷൻ

### (1) <u>പോലീസ് സ്റ്റേഷന് കെട്ടിടവും ക്വാർട്ടേഴ്സും</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പരിയാരം മെഡിക്കൽ കോളേജ്

പോലീസ് സ്റ്റേഷന് കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന് കീഴിലുള്ള 50 സെന്റ് സ്ഥലം അനുവദിച്ചുനൽകുകയും ഇതുസംബന്ധിച്ച പ്രൊപ്പോസൽ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് നൽകുകയും ചെയ്തിട്ടുണ്ട്. പോലീസ് മോഡണൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരികയാണ്. ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട യൂണിറ്റ് മേധാവിയിൽനിന്നും ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (2) BHEL-EML സ്ഥാപനം ഏറ്റെടുക്കൽ

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ് ജില്ലയിലെ BHEL-EML എന്ന സ്ഥാപനം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കാസർഗോഡ് ജില്ലയിലെ BHEL-EML എന്ന സംയുക്ത സ്ഥാപനം കടുത്ത പ്രതിസന്ധി നേരിടുകയാണ്. BHEL-ന്റെ കൈവശമുള്ള ഓഹരികൾ നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുക്കാൻ തയ്യാറാകുകയും BHEL-ഉമായി ചർച്ച നടത്താൻ ചീഫ് സെക്രട്ടറി തലവനായ അപ്പെക്സ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. BHEL-ന്റെ

കൈവശമുള്ള 51 ശതമാനം ഓഹരി കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി സംസ്ഥാന സർക്കാരിന് നൽകാൻ ഭരണസമിതി സമ്മതിച്ചിട്ടുണ്ട്. BHEL-ന്റെ ഓഹരി പൂർണ്ണമായും ഏറ്റെടുത്ത് ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്ന തരത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(3) പി. ജി. കോഴ്സുകൾ അനുവദിക്കൽ

ശ്രീ. ജോർജ് എം. തോമസ്: കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 2019-20 അധ്യയനവർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ പ്രൊപ്പോസലിൽ മേൽപ്പറഞ്ഞ കോളേജ് ഉൾപ്പെട്ടിട്ടുണ്ട്. കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(4) ബസ് സർവ്വീസുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പത്തനാപുരം ഡിപ്പോയിൽനിന്ന് 47 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 21 ചെയിൻ സർവ്വീസുകളുൾപ്പെടെ 171 പുതിയ സർവ്വീസുകൾ പത്തനാപുരം മണ്ഡലത്തിൽ ഇപ്പോൾ നടത്തുന്നുണ്ട്. ഇവിടെ ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ ഉന്നതതല ചർച്ച നടത്തുന്നതാണ്.

(5) വാഴക്കാട് ഐ.ടി.ഐ.

ശ്രീ. ടി. വി. ഇബ്രാഹിം: വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും ട്രേഡുകളോ തസ്തികകളോ അനുവദിക്കാത്തതിനാൽ പ്രവർത്തനമാരംഭിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ ഐ.ടി.ഐ. ആരംഭിക്കണമെന്നാവശ്യപ്പെട്ട സ്ഥലത്തുനിന്നും 12 കി.മീ. ദൂരത്തിൽ അരീക്കോട് സർക്കാർ ഐ.ടി.ഐ. സ്ഥിതി ചെയ്യുന്നുണ്ട്. വാഴക്കാട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുകൂല നിലപാടാണ് ഗവൺമെന്റിനുള്ളത്.

(6) സാമ്പത്തിക ക്രമക്കേട്

ശ്രീ. കെ. എൻ. എ. ഖാദർ: മലപ്പുറം ജില്ലയിലെ പറപ്പൂർ റൂറൽ സർവ്വീസ്

സഹകരണ ബാങ്കിലെ സാമ്പത്തികക്രമക്കേട് സംബന്ധിച്ച് സമഗ്രാന്വേഷണം നടത്തുന്നതിനും കുറ്റക്കാരിൽനിന്നും നഷ്ടം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മലപ്പുറം ജില്ലയിലെ പറപ്പൂർ റൂറൽ സർവ്വീസ് സഹകരണ ബാങ്കിൽ തിരൂരങ്ങാടി അസിസ്റ്റന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ സ്വർണ്ണ ഉരുപ്പടികളിലും നിക്ഷേപങ്ങളിലും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഒന്നര മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരപ്പനങ്ങാടി യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സേവിംഗ്സ് ബാങ്ക്/സ്ഥിര നിക്ഷേപങ്ങളിലും ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സംഘത്തിൽനിന്നും നഷ്ടപ്പെട്ട സ്വർണ്ണ ഉരുപ്പടികളിൽ 5 കിലോയോളം കണ്ടെടുത്തിട്ടുണ്ട്. ബാങ്ക് പ്രസിഡന്റ് വേങ്ങര പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ ക്രമക്കേട് നടത്തിയ ആളിനെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ഭരണസമിതി സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്.

### (7) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. വി. പി. സജീന്ദ്രൻ: പുത്തൻകുരിശ് പഞ്ചായത്തിലെ അമൃതകുടീരം

കോളനിയിലുൾപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ അമൃതകുടീരം കോളനിയിലെ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് അമൃതാനന്ദമയി മഠത്തിന്റെ ആഭിമുഖ്യത്തിൽ നൽകിയ വീടുകൾ വാസയോഗ്യമല്ലാത്തവയാണ്. സ്വന്തമായി വീടുള്ളതിനാൽ പ്രസ്തുത കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. 02-02-2018-ലെ സർക്കാർ ഉത്തരവുപ്രകാരം നോട്ടിഫൈഡ് പ്ലാനിംഗ് ഏരിയയിലുൾപ്പെട്ട പഞ്ചായത്തുകളെ പി.എം.എ.വൈ. നഗരം പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. അമൃതകുടീരം കോളനി നിവാസികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്.

(8) ഉച്ചഭക്ഷണം ലഭ്യമാക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കൾ. കേന്ദ്ര പദ്ധതിയിലുൾപ്പെടാത്ത ഒൻപത് മുതൽ പന്ത്രണ്ടാം

ക്ലാസ്സുവരെയുള്ള കുട്ടികൾക്കുകൂടി ഉച്ചഭക്ഷണം നൽകാനാവശ്യമായ സാമ്പത്തിക ബാധ്യതയെക്കുറിച്ച് പഠനം നടത്തിവരികയാണ്.

(9) കാട്ടാനശല്യം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പാണംകുഴി പ്രദേശത്ത് കാട്ടാനശല്യം തടയുന്നതിനായി ഫെൻസിംഗ് നിർമ്മിക്കുന്നതിനും മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ കേന്ദ്രമാക്കി റാപിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നതിനും ഫോറസ്റ്റ് ഗാർഡുകളെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മലയാറ്റൂർ ഡിവിഷനിൽ പാണംകുഴി ഭാഗത്ത് കഴിഞ്ഞ രണ്ട് ദിവസമായി ജനവാസ മേഖലയിലേയ്ക്ക് ആന ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആനകൾ ജനവാസ മേഖലയിലിറങ്ങുന്നത് തടയാൻ റാപ്പിഡ് റെസ്പോൺസ് ടീമിനെയും പ്രത്യേക സ്ക്വാഡിനെയും നിയോഗിക്കുന്നതിനും പ്രദേശവാസികളുമായി ആലോചിച്ച് സൗരോർജ്ജവേലി നിർമ്മിക്കുന്നതുൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും മലയാറ്റൂർ ഡി.എഫ്.ഒ.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രദേശത്ത് കാട്ടാനകൾ വീണ്ടും ഇറങ്ങുന്നുണ്ടോയെന്ന്

പരിശോധിക്കാൻ സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെ വിന്യസിപ്പിക്കാനും 24 മണിക്കൂറും നിരീക്ഷണം ശക്തമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(10) കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

ശ്രീ. ഡി. കെ. മുരളി: കെ.എസ്.ഇ.ബി. കല്ലറ സെക്ഷൻ ഓഫീസ് പരിധിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): കെ.എസ്.ഇ.ബി. കല്ലറ സെക്ഷൻ ഓഫീസ് പരിധിയിലെ വോൾട്ടേജ് ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ സാങ്കേതികപഠനം നടത്തുകയും 8 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഉപയോഗശൂന്യമായ 30 സെന്റോളം സ്ഥലം സബ്സ്റ്റേഷന് നൽകാമെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## IV ക്രമപ്രശ്നം

സമ്മേളനദിവസങ്ങളിൽ യോഗം ചേരുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: നിയമസഭാസമ്മേളനം നടക്കുമ്പോൾ എം.എൽ.എ.-മാർ പങ്കെടുക്കേണ്ട കമ്മിറ്റികൾ യോഗം ചേരാൻ പാടില്ലെന്ന് റൂളിംഗ് നൽകണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: നിയമസഭാസമ്മേളനം നടക്കുമ്പോൾ എം.എൽ.എ.-മാർ പങ്കെടുക്കേണ്ട കമ്മിറ്റികൾ യോഗം ചേരാൻ പാടില്ലെന്ന റൂളിംഗ് ലംഘിച്ചുകൊണ്ട് കമ്മിറ്റികൾ കൂടുന്നുണ്ട്. ഇക്കാര്യത്തിൽ കർശന ഇടപെടലുണ്ടാകണം.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭാസമ്മേളനം നടക്കുമ്പോൾ എം.എൽ.എ.-മാർ പങ്കെടുക്കേണ്ട യോഗങ്ങൾ കൂടുന്നത് സഭയോടുള്ള അവഹേളനമായി കണക്കാക്കാവുന്നതാണ്. അത്തരം നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കണം. അത് സഭയുടെ അവകാശലംഘനമായി പരിഗണിക്കുമെന്ന് ചെയർ അറിയിക്കുകയാണ്. ഇത് തുടരാൻ പാടില്ല.

**V ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
(4792,55,33,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
(112,67,33,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാലുവരിപ്പാത, ഗെയിൽ പൈപ്പ് ലൈൻ നിർമ്മാണം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കാനും ആർദ്രം, ലൈഫ്, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നീ മിഷനുകൾ വഴി നിയമസഭാ മണ്ഡലങ്ങളിൽ പശ്ചാത്തല സൗകര്യങ്ങളൊരുക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയം പ്രഖ്യാപിച്ചതുവഴി പൊതുമരാമത്ത് വകുപ്പിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാനും വകുപ്പിനെ അഴിമതിരഹിതമാക്കാൻ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്താനും സാധിച്ചിട്ടുണ്ട്. പാലാരിവട്ടം പാലം നിർമ്മാണത്തിലെ അഴിമതി അന്വേഷിച്ച് ഉത്തരവാദികളെ കണ്ടെത്തി ശിക്ഷാനടപടി സ്വീകരിക്കണം. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചതും റോഡുകൾ പുനരുദ്ധരിച്ചതും മലയോര-തീരദേശ ഹൈവേകൾ യാഥാർത്ഥ്യമാക്കുന്നതും വിശ്രമകേന്ദ്രങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. പ്രളയ പശ്ചാത്തലത്തിൽ നിർമ്മാണരംഗത്ത് നിയന്ത്രണങ്ങൾ കൊണ്ടുവരാനും തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാനപാതയുടെയും തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെയും നിർമ്മാണം ദ്രുതഗതിയിലാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് തുടക്കംകുറിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള ഫിഷിംഗ് ഹാർബർ, സീഫുഡ് പാർക്ക്, അപ്രോച്ച് റോഡ്, റെയിൽ കണക്ടിവിറ്റി എന്നിവയുടെ നിർമ്മാണവും ഭൂമി ഏറ്റെടുക്കൽ നടപടിയും പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കണം. മത്സ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച പാക്കേജ്

നടപ്പാക്കുന്നതിനും സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് അടിമലത്തുറയിലെ കരമടിത്തൊഴിലാളികൾക്കുൾപ്പെടെ അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾ സന്തുലിതമായി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളാണ് പൊതുമരാമത്ത് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. കാലാവസ്ഥ, പ്രകൃതിവൈശിഷ്ട്യം തുടങ്ങിയവ പരിഗണിച്ച് ആവിഷ്കരിച്ച 'പുതിയ കാലം പുതിയ നിർമ്മാണം' പദ്ധതി ശ്ലാഘനീയമാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിലുൾപ്പെടെ നേരിടുന്ന പ്രശ്നങ്ങൾ കാര്യക്ഷമമായി പരിഹരിച്ച് മുന്നോട്ട് പോകാൻ സർക്കാരിന് കഴിയണം.

ശ്രീ. കെ. എം. ഷാജി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തുറമുഖ വികസനത്തിലെ അനിശ്ചിതത്വം പരിഹരിക്കണം. അഴീക്കോട് മണ്ഡലത്തിൽ കോർപ്പറേഷൻ പരിധിയിൽ ടാറിംഗ് ചെയ്ത റോഡുകൾ പൊളിച്ച് വീണ്ടും പാച്ച്‌വർക്ക് നടത്തുന്നത് ടാറിംഗിന്റെ ഏകത്വം തകർക്കുന്നതിനും റോഡിന്റെ ബലക്ഷയത്തിനും കാരണമാകുന്ന സാഹചര്യം പരിശോധിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയ

പാതാവികസനത്തിനായി കേരളത്തിന് ലഭിക്കേണ്ട ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്ന മന്ത്രിയെ അഭിനന്ദിക്കുന്നു. വടകര മടപ്പള്ളി ഗവൺമെന്റ് കോളേജിന്റെ അറ്റകുറ്റപ്പണികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിർമ്മാണ മേഖലയിലെ അഴിമതി നിർമ്മാർജ്ജനം, സോഷ്യൽ ഓഡിറ്റിംഗ്, ഇ-ടെണ്ടർ നടപടി എന്നിവ അഭിനന്ദനാർഹമാണ്. ടെണ്ടർ കാലാവധി കുറയ്ക്കുന്നതിനും വാത്തുരുത്തി, അറ്റ്ലാന്റിസ്, വടുതല പാലങ്ങൾ, തമ്മനം-പുല്ലേപ്പടി റോഡ് എന്നിവയുടെ പ്രവൃത്തികൾ ത്വരിതഗതിയിലാക്കുന്നതിനും കൊച്ചി തുറമുഖം ഗതാഗതസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: ന്യൂനപക്ഷ വർഗ്ഗീയതയാണ് കേന്ദ്ര സർക്കാരിന്റെ വിജയത്തിനാധാരം. കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇന്ത്യയിൽനിന്ന് നിഷ്പ്രഭമാകുന്ന സാഹചര്യമാണുള്ളത്.

ശ്രീ. എം. മുകേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പരാതി പരിഹാര സെൽ, സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം, റോഡ് മെയിന്റനൻസ് വിംഗ് എന്നിവ ശ്രദ്ധേയമാണ്. തിരുവനന്തപുരം-കാസർഗോഡ് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന

മലയോര-തീരദേശ റോഡുകൾ യാഥാർത്ഥ്യമാക്കണം. ചെറുകിട തുറമുഖങ്ങൾ വഴിയുള്ള കപ്പൽഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് കേരള മാരിടൈം ബോർഡ് രൂപീകരിച്ച നടപടി പ്രശംസനീയമാണ്. കൊല്ലം തുറമുഖത്തിന്റെ ശേഷി വർദ്ധിപ്പിച്ച് കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനും തുറമുഖത്ത് കൈകാര്യം ചെയ്യുന്ന കണ്ടെയ്നറുകളുടെ ടണ്ണേജിനും എണ്ണത്തിനുമനുസൃതമായി ഇൻസെന്റീവ് നൽകുന്നതിനും നടപടി സ്വീകരിക്കണം. എമിഗ്രേഷൻ സംവിധാനത്തിനായി കൊല്ലം തുറമുഖത്തെ എൻട്രി ആന്റ് എക്സിറ്റ് പോയിന്റായി പ്രഖ്യാപിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും അനുമതിയും കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടുക്കി ജില്ലയിലെ ദേശീയപാത പുനർനിർമ്മാണത്തിനായി 38.5 കോടി രൂപയുടെ ഭരണാനുമതി നൽകിയതും പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും അഴിമതി തടയുന്നതിന് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. റോഡ് നവീകരണത്തിനുള്ള തുക വർദ്ധിപ്പിക്കുന്നതിനും കിഫ്ബിയുടെ അനുമതി ലഭിച്ച പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിനും ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. നടപടിക്രമങ്ങളുടെ കാലതാമസമൊഴിവാക്കാനായി ഒരു കോടി

രൂപവരെയുള്ള വർക്കുകളുടെ നിർമ്മാണാനുമതിക്കുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകണം. ഇടുക്കി ജില്ലയിൽ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുകയും റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണം.

ശ്രീ. കെ. ജെ. മാക്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാലാരിവട്ടം മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കണം. അഴിമതിക്കെതിരെ ശക്തമായ നിലപാടെടുത്തും പ്രകൃതിസൗഹൃദ നിർമ്മാണങ്ങൾക്ക് മുൻതൂക്കം നൽകിയും വിപ്ലവകരമായ മാറ്റങ്ങളാണ് പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഒരു ലക്ഷം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന പ്രഖ്യാപനവും പ്രളയത്തിൽ തകർന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിച്ചതും ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചതും സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയതും സ്വാഗതാർഹമാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച നിലവാരത്തിലേയ്ക്ക് സംസ്ഥാന പാതകളെ ഉയർത്തുന്നതിനുള്ള ശ്രമങ്ങളും റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറുൾപ്പെടുന്ന പ്രത്യേക വിഭാഗത്തെ നിയമിച്ചതും ശ്രദ്ധേയമാണ്.

ശ്രീ. കെ. ആൻസലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'അഴിമതിരഹിത വികസിത കേരളം' എന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം യാഥാർത്ഥ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പൊതുമരാമത്ത് പ്രവൃത്തികൾ കുറ്റമറ്റതാക്കാൻ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാനുള്ള തീരുമാനവും പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കുന്ന നടപടിയും സ്വാഗതാർഹമാണ്. അതിവേഗ റെയിൽപ്പാത 2027-ഓടെ കമ്മീഷൻ ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കാന്താൾ മിക്സ് ആധുനികവൽക്കരണത്തിന്റെ മികച്ച ദൃഷ്ടാന്തമാണ്. രജിസ്ട്രാർ ഓഫീസുകളെ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുവായൂരിൽനിന്ന് തിരുനാവായവരെ റെയിൽവേ ലൈൻ നീട്ടുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടെണ്ടർ വിളിക്കാതെ ഏതെല്ലാം ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കാണ്

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ളതെന്നും പാലാരിവട്ടം മേൽപ്പാലത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതെങ്ങനെയാണെന്നും വ്യക്തമാക്കണം. നിർമ്മാണപ്രവൃത്തി നടത്തിയ കമ്പനിയെ ബ്ലാക്ക്‌ലിസ്റ്റിൽപ്പെടുത്തി നഷ്ടപരിഹാരം ഈടാക്കണം. പി.ഡബ്ല്യു.ഡി. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും നഗരപ്രദേശങ്ങളിലെ റോഡുകൾ സൗന്ദര്യവത്കരിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും കെ.എസ്.ടി.പി. റോഡിന്റെ രണ്ടാംഘട്ടം പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്നതിനും റോഡ് പുറമ്പോക്കുകൾ കയ്യേറുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. കഞ്ഞിക്കുഴി മേൽപ്പാലത്തിന്റെയും കോടിമത പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും കോട്ടയം നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും മുൻകയ്യെടുക്കണം. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുത്ത തുക പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): അടിസ്ഥാനസൗകര്യ വികസനമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും പൊതുമരാമത്ത് വകുപ്പിനെ പൂർണ്ണമായും അഴിമതി

വിമുക്തമാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഫണ്ടനുവദിക്കാൻ ധനകാര്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ നിർമ്മാണ റെഗുലേഷൻ കൊണ്ടുവരണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. മുൻ സർക്കാരിന്റെ വികസന പദ്ധതികൾ മികച്ചനിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. മടപ്പള്ളി ഗവൺമെന്റ് കോളേജിലെ പ്രവൃത്തികൾ മൂന്നുമാസത്തിനകം പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ പാലങ്ങൾ പരിശോധിച്ച് ബലക്ഷയം വന്നവ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹൈസ്പീഡ് റെയിൽവേയുടെ തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണ്. നിർമ്മാണരംഗത്ത് ഒന്നാം സ്ഥാനത്തുനിൽക്കുന്ന സഹകരണ സൊസൈറ്റിക്ക് ടെണ്ടറില്ലാതെ വർക്ക് നൽകിയതിൽ അപാകത കാണുന്നില്ല. എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും ഒഴിവുകൾ നികത്തുകയും സാധ്യമായ തസ്തികകൾ സൃഷ്ടിക്കുകയും വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും നിയമവിരുദ്ധമായി പ്രവർത്തിച്ച 103 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും 379 പേരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നൂതന ടെക്നോളജി ഉപയോഗിച്ച് റോഡ് നിർമ്മിക്കാനുള്ള നിർദ്ദേശം പരിശോധിക്കാവുന്നതാണ്. ആധുനിക രീതിയിൽ റെസ്റ്റ് ഹൗസുകൾ നിർമ്മിക്കാനും പരിപാലനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിക്കുന്നതാണ്. മികച്ച റോഡുകളും ദീർഘകാലം നിലനിൽക്കുന്ന പാലങ്ങളും നിർമ്മാണ വൈകല്യമില്ലാത്ത കെട്ടിടങ്ങളും നിർമ്മിക്കാനാണ് പി.ഡബ്ല്യു.ഡി. തീരുമാനിച്ചിരിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേരള മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൊല്ലം തുറമുഖ വികസനത്തിനുവേണ്ടി 13.7512 ഹെക്ടർ പുറമ്പോക്ക് ഭൂമി ഉടമസ്ഥാവകാശം റവന്യൂവകുപ്പിൽ നിലനിർത്തി തുറമുഖ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആലപ്പുഴ, കോഴിക്കോട്, വിഴിഞ്ഞം തുറമുഖങ്ങളിൽ വാട്ടർ സ്പോർട്സ് തുടങ്ങാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൊല്ലം പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം 75 ശതമാനത്തോളം പൂർത്തിയാക്കുകയും തുറമുഖത്തെ ദേശീയപാതയുമായി ബന്ധപ്പെടുത്തുന്നതിന് കൊല്ലം തുറമുഖം മുതൽ കൊച്ചുപ്ലാമൂട് വരെയുള്ള റോഡ്

നിർമ്മാണം പൂർത്തിയാക്കുകയും ബേപ്പൂർ തുറമുഖത്ത് തൊഴിലാളികൾക്കുള്ള വിശ്രമ മുറികൾ, ഗേറ്റ് ഹൗസ് തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും രണ്ട് ട്രെയിലർ ട്രക്കുകൾ വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ തുറമുഖ വികസനത്തിനായി കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയും പൊന്നാനി ഹാർബർ ബേസിനിൽ ഡ്രെഡ്ജിംഗ് പ്രവൃത്തിയും പുരോഗമിക്കുന്നു. തീരദേശ കപ്പൽ ഗതാഗതപദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് അനുവദിച്ചുവന്നിരുന്ന ഇൻസെന്റീവ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൊച്ചി വാട്ടർ മെട്രോ ആരംഭിക്കുന്നതിനുള്ള സർവ്വേ നടപടികളും സർവ്വേ വെസ്സലുകളുടെ നവീകരണവും പൂർത്തിയാക്കിയിട്ടുണ്ട്. തലശ്ശേരി, തലായി, പുതിയാപ്പ, ബേപ്പൂർ, ചോമ്പാൽ, കൊയിലാണ്ടി ഹാർബറുകളുടെയും വിഴിഞ്ഞം മുതൽ മുതലപ്പൊഴി ഭാഗം വരെയുള്ള സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ഖനനത്തിനായി കമ്പനി സമർപ്പിച്ച അപേക്ഷകളിന്മേലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാത 66-മായി വിഴിഞ്ഞം തുറമുഖത്തെ ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയുടെ നിർമ്മാണാവശ്യത്തിനുള്ള ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-നാഗർകോവിൽ റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതിക്കായി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ.

റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പദ്ധതി ബാധിതരെ കണ്ടെത്തി നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ആർ.ഡി.ഒ. ചെയർമാനായി ഉപജീവനാഘാത നിർണ്ണയ സമിതി (ലൈവ്ലിഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റി)-യും ജില്ലാകളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥന 34-നെതിരെ 78 വോട്ടുകളോടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥന ഐകകണ്ഠ്യേനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.36-ന് പിരിഞ്ഞു.

* * * * *